# STD - XI

## അദ്ധ്യാപക സഹായി

## പാഠം – മൂന്ന്    യേശു: വിമോചകനും കർത്താവും    ഭാഗം – ഒന്ന്

### വിമോചകൻ

### ലക്ഷ്യം

യേശുവിനെ കൂടാതെ നമുക്ക് ഒന്നും ചെയ്യാൻ സാധിക്കില്ല. (യോഹ. 15:5)

### പഠനസഹായികൾ

* Video - 1 - You tube - Top 4 Jesus Christ Healing Miracles visual Bible Heals the sick
* സ്വന്തം അനുഭവത്തിൽ യേശു ഇടപെട്ട അത്ഭുതങ്ങൾ പറഞ്ഞുകൊണ്ട് ക്ലാസ്സിൽ പ്രവേശിക്കുന്നു.
* ഏതെങ്കിലും ഒന്നോ രണ്ടോ കുട്ടികൾ യേശുവിൽനിന്നും ലഭിച്ച അത്ഭുതം വിവരിച്ചുകൊണ്ടും ക്ലാസ്സിൽ പ്രവേശിക്കുന്നു.

### പാഠത്തിന്റെ ഉള്ളടക്കം

* പേജ് നമ്പർ 57-ലെ 7 അടിമത്വങ്ങൾ മുകളിലത്തെ വീഡിയോ ഉദ്ധരിച്ച് വിവരിക്കാം
* എല്ലാ മനുഷ്യരും രക്ഷപ്രാപിക്കണം എന്ന ദൈവത്തിന്റെ പൂർത്തീകരണമാണ് യേശു ക്രിസ്തു (പേജ് 58-ലെ വിവിധ മാനങ്ങൾ)
* മനുഷ്യർക്ക് എങ്ങനെ വിമോചനം ലഭിക്കും. പേജ് – 55, സത്യം, നീതി, സമാധാനം... 7 എണ്ണം) വിവരിക്കുക.

### പ്രാർത്ഥന

കർത്താവേ, അങ്ങയുടെ വചനം ശ്രവിച്ച് അതു വിശ്വസിച്ച് ജീവിക്കാനുള്ള കൃപ തരണമേ. (യോഹ. 5:24)

### ചോദ്യങ്ങൾ

1. യേശുവിലും അവിടുത്ത് ദൈവരാജ്യദർശനത്തിലും നാം കണ്ടെത്തുന്ന സവിശേഷതകൾ ഏതെല്ലാം?
2. ഏതെല്ലാം മേഖലകളിൽ നിന്നാണ് ക്രിസ്തു നമ്മെ മോചിപ്പിക്കുന്നത്?
3. യേശുവിന്റെ നാട്ടിലെ സാമൂഹികഘടന എപ്രകാരമുള്ളതായിരുന്നു?
4. ക്രിസ്തുവിന്റെ പ്രകടനപത്രികയുടെ ഉള്ളടക്കം എന്ത്?
5. ക്രിസ്തുവിലുള്ള വിമോചനത്തിന്റെ വിവിധ മാനങ്ങൾ ഏവ?

# STD - XI

## അദ്ധ്യാപക സഹായി

## പാഠം – മൂന്ന്   യേശു: വിമോചകനും കർത്താവും   ഭാഗം – രണ്ട്

## യേശുദൈവമായ കർത്താവ്

**ലക്ഷ്യം**

യേശു ദൈവമാണ് എന്ന് നമ്മൾ വിശ്വസിക്കുന്നു.

**പഠനസഹായികൾ**

* Video -2 - You tube - The Road to Damascus
* യേശുവിന്റെ ഉയിർപ്പിനുശേഷം പെന്തക്കോസ്ത കഴിഞ്ഞപ്പോൾ ശിഷ്യന്മാർ യേശു ഏകകർത്താവാണ് എന്ന് ധൈര്യസമേതം പ്രസംഗിക്കാൻ തുടങ്ങി. (വീഡിയോ –1)
* സാവൂളിന്റെ മാനസാന്തരം (വീഡിയോ – 2)

**പാഠത്തിന്റെ ഉള്ളടക്കം**

* 'കർത്താവ്' എന്ന് ആദ്യമായി തന്റെ പേര് വെളിപ്പെടുത്തുന്നത് ദൈവം പുറപ്പാട് പുസ്തകത്തിൽ മോശയോട് ആണ്. (പുറ. 3:14–15) അതിനുശേഷം യേശുവിനെ ശിഷ്യന്മാർ കർത്താവ് എന്ന് അഭിസംബോധന ചെയ്തു വിളിക്കുകയും സുവിശേഷങ്ങളിൽ പ്രതിപാദിക്കുകയും ചെയ്യുന്നു കീറിയോസ് P-61
* ഈശോ താൻ കർത്താവാണ് (ദൈവം) എന്ന് യഹൂദരോട് വ്യക്തമാക്കുന്നുണ്ട് (യോഹ. 8:24, 6:25)

**പ്രാർത്ഥന**

പിതാവായ ദൈവമേ, അനുദിന ജീവിതത്തിൽ ഉണ്ടാകുന്ന സഹനങ്ങൾ ക്ഷമയോടെ ഏറ്റെടുത്ത് യേശുവിന് സാക്ഷിയായി ജീവിക്കാനുള്ള കൃപ നൽകണമെന് അങ്ങയോട് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**ചോദ്യങ്ങൾ**

1. ദൈവം എന്ന വാക്കിന്റെ ഹീബ്രു പദം?
2. പഴയനിയമത്തിൽ എത്ര പ്രാവശ്യം യാഹ്‌വേ എന്ന പദം ഉപയോഗിച്ചിട്ടുണ്ട്?
3. യേശുകർത്താവ് എന്ന വിശ്വാസപ്രഖ്യാപനത്തിലൂടെ എന്താണ് ആദിമസഭ ഏറ്റു പറയുന്നത്?
4. യേശു തന്റെ പീഡാസഹന മരണങ്ങളെക്കുറിച്ച് പറഞ്ഞപ്പോഴും നിസ്സംശയം പറഞ്ഞ കാര്യം എന്ത്?
5. യേശുവിനെ സംസ്ക്കരിച്ചത് ആര്?

# STD - XI

## അദ്ധ്യാപക സഹായി

## പാഠം – മൂന്ന് യേശു: വിമോചകനും കർത്താവും ഭാഗം – മൂന്ന്

## യേശുവിന്റെ ഉത്ഥാനം

### ലക്ഷ്യം

യേശു മരിച്ചവരിൽനിന്നും ഉയിർത്തു എന്ന് നമ്മൾ വിശ്വസിക്കുന്നു (1 കൊറി. 15:14)

### പഠനസഹായികൾ

* Video -3 - You tube - How the 12 Disciples Died
* 12 അപ്പസ്തോലന്മാരുടെ രക്തസാക്ഷിത്വം.
* പേജ് 33-ൽ യഹൂദ ചരിത്രകാരൻ Flavius Josephus പറയുന്നത് സുവിശേഷത്തിലും പ്രതിപാദിക്കുന്നുണ്ട് (യഹൂദരുടെ യേശുവിനോടുള്ള അസൂയമൂലം മാർക്ക് 27:18; മാർക്ക്. 15:10; അപ്പ. 5:30 വിജാതീരായ റോമാക്കാർക്കുവേണ്ടി യേശുവിനെ കുരിശിൽ തറച്ച് കൊല്ലുവാൻ പദ്ധതി ഇടുന്നു.
* യേശുവിനെ വിശ്വസിക്കുന്ന ശിഷ്യന്മാർ (ക്രിസ്ത്യാനികൾ എന്ന് വിളിക്കപ്പെടുന്നത്. അപ്പ. 11:26) ഏഡി 80-90 മുതൽ. യേശുവിനെ നേരിട്ട് കാണാത്തവർ യേശുവിനെ പ്രതി രക്തസാക്ഷികളാകുന്നു. ഇപ്പോഴും ആഫ്രിക്കയിലും സിറിയായിലും ക്രിസ്തുവിനെ പ്രഘോഷിക്കുന്നതിലൂടെ രക്തസാക്ഷിയാകുന്നു. ഇന്ത്യയിലെ പല സ്ഥലങ്ങളിലും ഇതുതന്നെ സംഭവിക്കുന്നു. കാരണം യേശു ഇപ്പോഴും ജീവിക്കുന്നു. (ഹെബ്രാ. 13:8)

### പാഠത്തിന്റെ ഉള്ളടക്കം

* ഉയിർപ്പ് പരിശുദ്ധ ത്രിത്വത്തിന്റെ പ്രവൃത്തിയാണ്.
* ഉയിർത്തെഴുന്നേറ്റ യേശുക്രിസ്തുവിന് എവിടെയും എപ്പോഴം മഹിമയാർന്ന ശരീരത്തിൽ പ്രത്യക്ഷപ്പെടാൻ സാധിക്കും. (ലൂക്കാ. 24:15-16; 36-44)
* യേശുവിന്റെ ഉയിർപ്പിന്റെ അർത്ഥവും പ്രാധാന്യവും (പേജ് നമ്പർ - 71)

### പ്രാർത്ഥന

യേശുകർത്താവാണെന്ന് പറയാൻ പരിശുദ്ധാത്മാവു മുഖേനയല്ലാതെ ആർക്കും സാധിക്കുകയില്ല എന്ന് തിരുവചനത്തിലൂടെ ഞങ്ങളെ ഓർമ്മപ്പെടുത്തുന്ന നല്ല ദൈവമേ, ക്രിസ്തുവിന്റെ ദൈവത്വത്തിൽ പൂർണ്ണമായി വിശ്വസിക്കുവാനുള്ള കൃപ പരിശുദ്ധാത്മാവ് വഴി ഞങ്ങൾക്ക് നൽകണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

## ചോദ്യങ്ങൾ

1. ഉത്ഥാനം വെളിപ്പെടുത്തുന്ന അടിസ്ഥാന രഹസ്യങ്ങൾ എന്താണ്?
2. കർത്താവിന്റെ ഉയിർപ്പിനുള്ള സാക്ഷ്യങ്ങൾ വിശദീകരിക്കുക.
3. 1. കോറി. 15:13–14 ഉദ്ധരിക്കുക.
4. ഉയിർപ്പ് പരിശുദ്ധത്രിത്വത്തിന്റെ പ്രവൃത്തിയാകുന്നത് എങ്ങനെ?
5. യേശുക്രിസ്തു സത്യമായും മരിച്ചു, ഉയിർത്തെഴുന്നേറ്റു. വചനങ്ങൾ സഹിതം വ്യക്തമാക്കുക.